# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2809 06.11.2019 ലെ മറുപടി**

**ചെല്ലാനത്ത് കടലാക്രമണം തടയാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |

(എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കടലാക്രമണം തടയുന്നതിനായി 16.1.2018 ന് എട്ടു കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയതും എന്നാൽ സമയബന്ധിതമായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതിരുന്നതിനാൽ റദ്ദാക്കുകയും ചെയ്ത പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ) & (ബി) ചെല്ലാനം പഞ്ചായത്തിലെ കടലാക്രമണം തടയുന്നതിനായി 16/01/2018 ന് എട്ടു കോടി രൂപയ്ക്ക് 5 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. എന്നാൽ കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ നിരുത്തരവാദിത്വപരമായ പെരുമാറ്റവും പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസവും കണക്കിലെടുത്ത് കരാറുകാരനെ നഷ്ടോത്തര വാദിത്വത്തിൽ ടി പ്രവൃത്തികളെല്ലാം റദ്ദ് ചെയ്തിരുന്നു. ഇതിനെത്തുടർന്ന് കരാറുകാരൻ ബഹു.ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ആറ് മാസം കൂടി നീട്ടി നല്കുവാൻ 02/07/2019-ൽ ഉത്തരവാകുകയും, സൂപ്രണ്ടിംഗ് എഞ്ചിനീയർ ടി പ്രവൃത്തികൾ എല്ലാം റിവോക്ക് ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. ബാക്കിയുള്ള പ്രവൃത്തികളുടെ 30% തുക പെർഫോമൻസ് ഗ്യാരന്റിയായി അടച്ച് (പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരം) സപ്ലിമെന്റൽ എഗ്രിമെന്റിൽ ഏർപ്പെടാൻ കരാറുകാരനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സപ്ലിമെന്റൽ എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് പകരം കരാറുകാരൻ കോടതി വ്യവഹാരങ്ങളിൽ ഏർപ്പെടുകയാണ് ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ 28/10/2019 ൽ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കരാറുകാരൻ ചെയ്യുന്ന ബാക്കി പ്രവൃത്തികളുടെ 20% തുക പാർട്ട് ബിൽ തുകയിൽ നിന്നും കരുതൽ ധനമായി പിടിച്ചുവയ്ക്കുണമെന്നും 15 ദിവസത്തിനുള്ളിൽ മേൽ പ്രവൃത്തികൾ ആരംഭിക്കണമെന്നും അല്ലാത്ത പക്ഷം കരാർ റദ്ദ് ചെയ്യാവുന്നതാണെന്നും ഉത്തരവിടുകയുണ്ടായി. ടി ഉത്തരവിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ